## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3418** **25.06.2012-ൽ മറുപടിക്ക്.**

### പോലീസ് നവീകരണ പ്രവർത്തനങ്ങൾ - ചെലവഴിച്ച തുക

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ. അജിത് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) പോലീസ് നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിൽ ആകെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | : | (എ) പോലീസ് നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിൽ ആകെ 43,91,86,832/-രൂപ (നാൽപ്പത്തി മൂന്നുകോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി എൺപത്തി ആറായിരത്തി എണ്ണൂറ്റി മുപ്പത്തി രണ്ടുരൂപ) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) പോലീസിനെ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ ആകെ എന്ത് തുക ചെലവഴിച്ചു എന്നും അതിൽ വൈക്കം നിയോജക മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകൾക്കും, സർക്കിളുകൾക്കും ലഭ്യമാക്കിയ സൗകര്യങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | : | (ബി) നവീകരണവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം താഴെപ്പറയുന്ന പ്രവർത്തികൾ പൂർത്തീകരിച്ചു:<br>1. കോട്ടയം എ.ആർ.ക്യാമ്പിൽ സ്ഥിതി ചെയ്യുന്ന പോലീസ് ക്വാർട്ടേഴ്സുകളിൽ മെയിന്റനൻസ് പണികൾ നടത്തിയ ഇനത്തിൽ 21,07,498/-രൂപ ചെലവായിട്ടുണ്ട്.<br>2) മണർകാട് പോലീസ് സ്റ്റേഷനിൽ ഒരു കേന്ദ്രീകൃത ലോക്കപ്പ് റൂം 4,43,495/- ലക്ഷം രൂപ ചെലവിൽ പണികഴിപ്പിച്ചു. |

(മറുപുറം)

3) കാഞ്ഞിരപ്പള്ളിയിൽ രണ്ട് അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ 16,22,568/-രൂപ ചെലവാക്കി പൂർത്തിയാക്കി.

കൂടാതെ 2011-12 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിൽ 13,65,850/- രൂപ ചെലവാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വൈക്കം നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകൾക്കായി വിക്ടിം സപ്പോർട്ട് സെൽ, വിമൻ ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷൻ പ്രോജക്ട്, ഇൻഫ്രാസ്ട്രക്ച്ചർ ഫോർ വിമൻ ഹെൽപ്പ് ഡെസ്ക്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നീ സൗകര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| (സി) പോലീസിന്റെ നവീകരണ-വുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിലോ തടയുന്നതിലോ പുരോഗതിയുണ്ടായിട്ടുള്ളതായി അനുഭവപ്പെട്ടിട്ടുണ്ടോ ; | : (സി) ശാസ്ത്രീയ അന്വേഷണങ്ങളിലൂടെ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ, ട്രാഫിക് നിയമലംഘനം എന്നിവ കണ്ടെത്തുന്നതിനും പോലീസ് നവീകരണം വളരെയേറെ സഹായിച്ചിട്ടുണ്ട്. |
| (ഡി) പോലീസിന്റെ നവീകരണത്തിൽ ജനമൈത്രീ സ്റ്റേഷനുകൾക്ക് പ്രത്യേക പരിഗണന എന്തെങ്കിലും നൽകിയിട്ടുണ്ടോ ? | : (ഡി) പരിഗണന നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ